LIBRARY ARCHIVES Kerala Legislative Assembly

വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം

379(1126) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന നായകനായ വാഗ്ഭടാനന്ദ ഗുരുദേവന്റെ ജന്മദേശത്ത് സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന്റെ പുരോഗതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത സാംസ്കാരിക സ്ഥാപനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ?

(എ & ബി) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള കിഫ്ബി പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ വാഗ്ഭടാനന്ദ ഗുരുദേവന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി തലശ്ശേരി താലൂക്കിലെ പാട്യം ഗ്രാമപഞ്ചായത്തിലെ കൊട്ടയോടിയിലെ (പാട്യം അംശം ദേശം) സർവ്വേ നമ്പർ 24/3, 25/3-ൽ ഉൾപ്പെട്ട 87.0074 ആർ സ്വകാര്യ ഭൂമി (2.15 ഏക്കർ ഭൂമി) 2013-ലെ LARR Act പ്രകാരം സാംസ്കാരിക വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭൂമിയോട് ചേർന്ന് കിടക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 89.06 സെന്റ് ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത സാംസ്കാരിക സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

സാമൂഹിക ഐക്യം പരിപോഷിപ്പിക്കുന്നതിന് കലാ സാംസ്കാരിക ഇടപെടൽ

380 (1127) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. ജോയി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യ ബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായ മലബാർ കലാപത്തെ വക്രീകരിച്ച് സംസ്ഥാനത്തെ മതനിരപേക്ഷ സമൂഹത്തിൽ സാമുദായിക പ്രശ്നങ്ങൾ സൃഷ്ടിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന തെറ്റായ നീക്കങ്ങൾക്കെതിരെ കലാ-സാംസ്കാരിക ഇടപെടൽ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;